ഹയർസെക്കൻഡറി ഡയറക്ടറുടെ കാര്യാലയം
ഹൗസിങ് ബോർഡ് ബിൽഡിങ്സ്
ശാന്തിനഗർ തിരുവന്തപുരം 1

No.ICT Cell/4433/SWS/HSE/2011 **25th May 2011**

സർക്കുലർ

വിഷയം: ഹയർസെക്കൻഡറി ഏകജാലകപ്രവേശനം 2011- ട്രയൽ അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു- പ്രിൻസിപ്പൽമാർക്കുള്ള നിർദേശങ്ങൾ-

ഏകജാലകപ്രവേശനത്തിന്റെ ട്രയൽ അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് **www.hscap.kerala.gov.in** എന്ന വെബ്സൈറ്റിൽ അപേക്ഷാനമ്പർ ടൈപ്പ് ചെയ്ത് സാധ്യതാ അലോട്ട്മെന്റ് പരിശോധിക്കാം. സ്കൂളുകളിലേക്കുള്ള ട്രയൽ അലോട്ട്മെന്റ് ലിസ്റ്റുകൾ ഇതേ വെബ്സൈറ്റിൽ അഡ്മിൻ യൂസറായി ലോഗിൻ ചെയ്ത് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

ട്രയൽ ലിസ്റ്റ് അപേക്ഷകർക്ക് മേയ് **30** വരെ പരിശോധിക്കാവുന്നതാണ്. അപേക്ഷാവിവരങ്ങളിൽ മാറ്റം ആവശ്യമുള്ള വിദ്യാർത്ഥികൾ മേയ് **30**ന് വൈകുന്നേരം **5** മണിക്ക് മുമ്പ് സ്കൂളുകളിൽ തിരുത്തലിനുള്ള അപേക്ഷ നൽകും. ഓപ്ഷനുകളുൾപ്പെടെയുള്ള മാറ്റങ്ങൾ ഈ ഘട്ടത്തിലും വിദ്യാർത്ഥികൾക്ക് ആവശ്യപ്പെടാം. തിരുത്തലിനുള്ള അപേക്ഷകൾ വിദ്യാർത്ഥികളിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് സ്കൂളിലെ അഡ്മിൻ യൂസറിന് തിരുത്തലുകൾ വരുത്താവുന്നതാണ്. മേയ് **31**ന് വൈകിട്ട് **5** മണിക്ക് മുമ്പ് സ്കൂളുകളിൽ നിന്ന് എല്ലാ തിരുത്തലുകളും പൂർത്തിയാക്കി കൺഫർമേഷൻ നടത്തേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ കൺഫർമേഷൻ നടത്താതിരുന്നാൽ സ്റ്റേറ്റ് പ്രോസസിങ് സെന്ററിലെ തുടർ പ്രവർത്തനങ്ങൾ തടസ്സപ്പെടും.

ചില അപേക്ഷകളിൽ ജാതി, കാറ്റഗറി മുതലായ വിവരങ്ങൾ ഡേറ്റാ എൻട്രി നടത്തിയതിൽ ചില പൊരുത്തക്കേടുകൾ കാണുന്നുണ്ട്. ഇത്തരം തെറ്റുകൾ തിരുത്താതിരുന്നാൽ അലോട്ട്മെന്റ് ലഭിച്ചാലും വിദ്യാർത്ഥിക്ക് പ്രവേശനം ലഭിക്കില്ല. സ്കൂളധികൃതർ ഈ തെറ്റുകൾ പ്രോസ്പെക്ടസിലെ അനുബന്ധം 3 ലെ നിർദേശങ്ങളനുസരിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ തിരുത്തേണ്ടതാണ്. വിദ്യാർത്ഥികളുടെ അപേക്ഷാവിവരങ്ങളിലുള്ള എല്ലാ വിധ തെറ്റുകളും തിരുത്തുന്നതിനുള്ള അവസാന അവസരമാണ് ട്രയൽ അലോട്ട്മെന്റ്. അഡ്മിൻ യൂസറിന് അതത് സ്കൂളുകളിൽ നിന്ന് ഡേറ്റാ എൻട്രി നടത്തിയ എല്ലാ അപേക്ഷകളുടെയും ജാതി, കാറ്റഗറി ഉൾപ്പെടെയുള്ള വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് ലഭ്യമാണ്. ഈ ലിസ്റ്റ് പരിശോധിച്ചും മുകളിൽ സൂചിപ്പിച്ച പൊരുത്തക്കേടുകൾ കണ്ടെത്താവുന്നതാണ്.

വിഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികളിൽ ആരെങ്കിലും സർട്ടിഫിക്കറ്റ് വെരിഫിക്കേഷന്റെ റഫറൻസ് നമ്പർ അപേക്ഷയിലുൾപ്പെടുത്താൻ വിട്ടുപോയിട്ടുണ്ടെങ്കിൽ ട്രയൽ അലോട്ട്മെന്റിന് ശേഷമുള്ള തെറ്റ് തിരുത്തലുകൾക്കൊപ്പം നമ്പർ ഉൾപ്പെടുത്താവുന്നതാണ്. മുകളിൽ സൂചിപ്പിച്ച റഫറൻസ് നമ്പർ സംബന്ധിച്ച ഒരു വിശദീകരണം നേരത്തെ പുറപ്പെടുവിച്ചിരുന്നു. റഫറൻസ് നമ്പർ അപേക്ഷയിലുൾപ്പെടാത്തത് സംബന്ധിച്ച പരാതികളുമായി സ്കൂളിലെത്തുന്ന വിദ്യാർത്ഥികൾക്ക് കൃത്യമായ മാർഗ നിർദേശം നൽകേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾ അലോട്ട്മെന്റ് പ്രോസസ് ആരംഭിച്ച ശേഷമാണ് വെരിഫിക്കേഷൻ റഫറൻസ് നമ്പർ സ്കൂളിൽ ഹാജരാക്കുന്നതെങ്കിൽ ഉടൻ തന്നെ പ്രിൻസിപ്പൽ ആ വെരിഫിക്കേഷൻ റിപ്പോർട്ട് സ്കാൻ ചെയ്ത് ഐ.സി.റ്റി. സെല്ലിലേക്ക് മെയിൽ ചെയ്യേണ്ടതും ബന്ധപ്പെട്ട ജില്ലയുടെ ചുമതലയുള്ള ഐ.സി.റ്റി. സെൽ മെമ്പറെ ആ

വിവരം ഫോണിലൂടെ അറിയിക്കുകയും വേണം. തുടർന്നുള്ള അലോട്ട്മെന്റിൽ മേൽ സൂചിപ്പിച്ച വിദ്യാർത്ഥിക്ക് അലോട്ട്മെന്റ് നൽകുന്നതായിരിക്കും.

സ്കൂൾ വിവരങ്ങളിൽ ഇനിയും തെറ്റുകൾ അവശേഷിക്കുന്നുവെങ്കിൽ അടിയന്തരമായി ആ വിവരം ഐ.സി.റ്റി. സെല്ലിനെ ഫോൺ, ഇ മെയിൽ മുതലായ മാർഗങ്ങളിലൂടെ അറിയിക്കണം.

അപേക്ഷകർക്ക് ട്രയൽ അലോട്ട്മെന്റ് ലിസ്റ്റ് പരിശോധിക്കുന്നതിനുള്ള സൗകര്യങ്ങൾ സ്കൂളുകളിൽ ചെയ്തുകൊടുക്കേണ്ടതാണ്.

ഡയറക്ടർ